# കാറ്റഗറി നമ്പർ : 410/2023

കേരള സർക്കാർ സർവീസിൽ താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ഓൺലൈനായി മാത്രം ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുള്ളവർ അവരുടെ പ്രൊഫൈൽ മുഖേന അപേക്ഷിക്കാവുന്നതാണ്.

1 **വകുപ്പ്** : കേരള ഹയർ സെക്കന്ററി എഡ്യൂക്കേഷൻ

2 **ഉദ്യോഗപ്പേര്** : ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകൻ (ജൂനിയർ) കമ്പ്യൂട്ടർ സയൻസ്

**കുറിപ്പ്** : ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകൻ (ജൂനിയർ) തസ്തിക എന്നാൽ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകൻ പാർട്ട് ടൈം തസ്തിക എന്നാണ്.

3 **ശമ്പളം** : ₹ 45600-95600/-

4 **ഒഴിവുകളുടെ എണ്ണം** : പ്രതീക്ഷിത ഒഴിവുകൾ

ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് ഏറ്റവും കുറഞ്ഞത് ഒരു വർഷം കാലാവധിയുണ്ടായിരിക്കുന്നതും എന്നാൽ ഏറ്റവും കുറഞ്ഞ കാലാവധിയായ ഒരു വർഷത്തിനു ശേഷം ഇതേ തസ്തികയ്ക്ക് പുതിയ ഒരു റാങ്ക് ലിസ്റ്റ് നിലവിൽ വരികയോ ഈ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് മൂന്ന് വർഷം തികയുകയോ ഏതാണോ ആദ്യം അതുവരെയും കാലാവധി ഉണ്ടായിരിക്കുന്നതുമാണ്. ഈ റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന കാലയളവിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേക്ക് ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനശിപാർശ ചെയ്യുന്നതായിരിക്കും.

5 **നിയമനരീതി** : **നേരിട്ടുള്ള നിയമനം**

6 **പ്രായപരിധി** :

1. (20-40) ഉദ്യോഗാർത്ഥികൾ 02.01.1983 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ പാർട്ട് II രണ്ടാം ഖണ്ഡിക നോക്കുക).
2. ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിലെ നിശ്ചിത യോഗ്യതയുളള മിനിസ്റ്റീരിയൽ ജീവനക്കാർക്ക് ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ തസ്തികയുടെ നേരിട്ടുള്ള നിയമനത്തിന് അപേക്ഷിക്കുന്നതിന് 01/01/2023-ൽ 43 (നാല്പ്പത്തി മൂന്ന് )വയസ്സ് തികയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. [GO(P) No. 36/2005/Gl.Edn. Dated 04.02.2005]

**കുറിപ്പ് :** 4% ഒഴിവുകൾ ഭിന്നശേഷിയുള്ള (Low vision, Deaf and hard of hearing,Locomotor Disability including Cerebral Palsy, Leprosy cured, Dwarfism, Acid attack victim, Muscular Dystrophy with minimum two functional arms and one leg, Autism(Mild) Specific Learning Disability/Mental Illness (40%-70%), Multiple Disability) ഉദ്യോഗാർത്ഥികൾക്കായി 28.10.2022 തീയതിയിലെ G.O.(P).No.07/2022/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നീക്കിവച്ചിരിക്കുന്നു.

(https://www.keralapsc.gov.in/sites/default/files/inline-files/g_o__p__7_2022_sjd_dtd_28_10_2022.pdf)

7 **യോഗ്യതകൾ**

(i) ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും 50 ശതമാനം മാർക്കിൽ കുറയാതെ ബന്ധപ്പെട്ട

വിഷയത്തിൽ എഞ്ചിനീയറിംഗിലോ ടെക്നോളജിയിലോ നേടിയ ബിരുദാനന്തര ബിരുദം / കമ്പ്യൂട്ടർ സയൻസ് , കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് അല്ലെങ്കിൽ ഇൻഫർമേഷൻ ടെക്നോളജി, സോഫ്റ്റ് വെയർ എഞ്ചിനീയറിംഗ് എന്നിവയിൽ ഏതിലെങ്കിലും 50% മാർക്കിൽ കുറയാതെ ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും നേടിയ എം.ടെക് ബിരുദം.

അല്ലെങ്കിൽ

ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ/ കമ്പ്യൂട്ടർ സയൻസിൽ/ ഇൻഫർമേഷൻ ടെക്നോളജിയിൽ 50% മാർക്കിൽ കുറയാതെ നേടിയ ബിരുദാനന്തരബിരുദം.

(ii) മുകളിൽ ഇനം ഒന്നിൽ പറയുന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും കമ്പ്യൂട്ടർ സയൻസ്/കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്/ ഇൻഫർമേഷൻ ടെക്നോളജി എന്നിവയിൽ 50% മാർക്കിൽ കുറയാതെ നേടിയ ബി.ടെക് / ബാച്ചിലർ ഓഫ് എഞ്ചിനീയറിംഗ് ബിരുദം.

അല്ലെങ്കിൽ

ഏതെങ്കിലും ബ്രാഞ്ചിൽ 50% മാർക്കിൽ കുറയാതെ നേടിയ ബി.ടെക് / ബാച്ചിലർ ഓഫ് എഞ്ചിനീയറിംഗ് ബിരുദവും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നോ അല്ലെങ്കിൽ ലാൽ ബഹാദൂർ ശാസ്ത്രി സെൻറർ ഫോർ സയൻസ് & ടെക്നോളജി / ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെൻറ് അല്ലെങ്കിൽ ' എ ' ലെവൽ അക്രഡിറ്റേഷൻ ഉള്ള ഡിപ്പാർട്ടമെന്റ് ഓഫ് ഇലക്ട്രോണിക്സിൽ നിന്നോ കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ നേടിയ ബിരുദാനന്തര ഡിപ്ലോമയും

അല്ലെങ്കിൽ

മാത്തമാറ്റിക്സ്/ ഫിസിക്സ് എന്നീ വിഷയങ്ങളിൽ 50% മാർക്കിൽ കുറയാതെ നേടിയ ബിരുദാനന്തര ബിരുദവും ഒരു അംഗീകൃത സർവ്വകലാശാല/ലാൽ ബഹാദൂർ ശാസ്ത്രി സെൻറർ ഫോർ സയൻസ് & ടെക്നോളജി / ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെൻറ് അല്ലെങ്കിൽ ' എ ' ലെവൽ അക്രഡിറ്റേഷനോടു കൂടിയ ഡിപ്പാർട്ടമെന്റ് ഓഫ് ഇലക്ട്രോണിക്സിൽ നിന്നും കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ നേടിയ ബിരുദാനന്തര ഡിപ്ലോമയും

അല്ലെങ്കിൽ

ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഇലക്ട്രോണിക്സ് ആൻറ് ടെലികമ്മ്യൂണിക്കേഷനിൽ/ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗിൽ 50% മാർക്കിൽ കുറയാതെ നേടിയ എം.ടെക് ബിരുദം.

അല്ലെങ്കിൽ

50% മാർക്കിൽ കുറയാതെ കമ്പ്യൂട്ടർ സയൻസിലുള്ള ബി. എസ്.സി ബിരുദവും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നോ അല്ലെങ്കിൽ ലാൽ ബഹാദൂർ ശാസ്ത്രി സെൻറർ ഫോർ സയൻസ് & ടെക്നോളജി / ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെൻറ് / 'എ ' ലെവൽ അക്രഡിറ്റേഷനോടുകൂടിയ ഡിപ്പാർട്ടമെന്റ് ഓഫ് ഇലക്ട്രോണിക്സിൽ നിന്നോ കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ നേടിയ ബിരുദാനന്തര ഡിപ്ലോമയും

അല്ലെങ്കിൽ

50% മാർക്കിൽ കുറയാതെ നേടിയ എം.എസ്. സി സ്റ്റാറ്റിസ്റ്റിക്സും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ നേടിയ ബിരുദാനന്തര ഡിപ്ലോമയും

**കുറിപ്പ്:** 1. തസ്തികയിലേയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള അടിസ്ഥാന യോഗ്യതയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അപേക്ഷകർ നേടിയിട്ടുള്ള പിഎച്ച്.ഡി/എം.ഫിൽ/പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് എന്നീ നോൺ ക്വാളിഫയിംങ് ഡിഗ്രികൾക്ക് അധിക മാർക്ക് നൽകുന്നതാണ്. റാങ്കിങ്ങിനായി നോൺ ക്വാളിഫയിംങ് യോഗ്യതകൾക്ക് അധിക മാർക്ക് നൽ കുന്നത് താഴെ പറയുന്ന രീതിയിലായിരിക്കും.

നോൺ ക്വാളിഫയിങ് എം.ഫിൽ– 2 മാർക്ക്
നോൺ ക്വാളിഫയിങ് പിഎച്ച്.ഡി– 4 മാർക്ക്
എം.ഫിൽ & പിഎച്ച്.ഡി (നോൺ ക്വാളിഫയിങ്) – 5 മാർക്ക്
പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ്– 2 മാർക്ക്

നോൺ ക്വാളിഫയിംങ് യോഗ്യതകൾ എന്നർത്ഥമാക്കുന്നത് ഈ തസ്തികയ്ക്ക് അവശ്യം വേണ്ടുന്ന യോഗ്യതകളായി നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് ഉപരിയായി കരസ്ഥമാക്കിയിട്ടുള്ള അധിക യോഗ്യതകളെയാണ്. അടിസ്ഥാന യോഗ്യതയായി പിഎച്ച്.ഡി/എം.ഫിൽ/പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് എന്നിവ പരിഗണിക്കപ്പെടുകയാണെങ്കിൽ ആയതിന് അധിക മാർക്ക് അനുവദിക്കുകയില്ല. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിക്കുള്ളിൽ നേടിയതും അപേക്ഷയിൽ അവകാശപ്പെട്ടതുമായ നോൺ–ക്വാളിഫയിങ് ഡിഗ്രികൾക്കു മാത്രമേ വെയ്റ്റേജ് മാർക്ക് നൽകുകയുള്ളൂ.

**പ്രത്യേക ഇളവുകൾ**

1. 13.11.15-ലെ G.O.(Ms) No.288/15/Gl.Edn. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എസ്.സി./എസ്.റ്റി./ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾ എന്നിവർക്ക് ബിരുദാനന്തര ബിരുദത്തിന് 5% മാർക്ക് ഇളവ് അനുവദിക്കുന്നതാണ്.

**കുറിപ്പ് :**

(1) KS & SSR പാർട്ട് II റൂൾ 10 a (ii) ബാധകമാണ്.

(2) വിജ്ഞാപനപ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് പ്രമാണ പരിശോധന സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ.

(3) ഉദ്യോഗാർത്ഥി അപേക്ഷയിൽ ശരിയായ ജാതി/സമുദായം അവകാശപ്പെടുകയും അത് എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയതിൽ നിന്ന് വ്യത്യസ്തമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ നോൺ ക്രീമിലെയർ/ ജാതി സർട്ടിഫിക്കറ്റിനോടൊപ്പം ജാതി/സമുദായ വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണപരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

**8 അപേക്ഷ സമർപ്പിക്കേണ്ട രീതി**

(എ) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31/12/2012-ന് ശേഷം എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. 01.01.2022 തീയതി മുതൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾ രജിസ്ട്രേഷന്റെ തീയതി മുതൽ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോഗ്രാഫ് upload ചെയ്യേണ്ടതാണ്. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷ സമർപ്പണത്തിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ Soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ Print out കൂടി സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(ബി) ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത് / ഒ.എം.ആർ / ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷ തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും, അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്.

(സി) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് Confirmation നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ KPSC Rules of Procedure, Rule 22 പ്രകാരം ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

9 അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി **29.11.2023** ബുധനാഴ്ച അർദ്ധരാത്രി 12.00 മണി വരെ

10 അപേക്ഷ സമർപ്പിക്കേണ്ട വെബ് സൈറ്റ് : www.keralapsc.gov.in

(ഫോട്ടോ, ID കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് പാർട്ട് – 2 ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ കൂടി നോക്കുക)

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ